പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2295

09.03.2018-ൽ മറുപടിയ്ക്ക്

## റബർ മരാധിഷ്ഠിത വ്യവസായങ്ങൾക്കുള്ള ലൈസൻസ്

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് റബർ മരങ്ങളുടെ വിപണനം, റബർ മരാധിഷ്ഠിത വ്യവസായം എന്നിവയ്ക്ക് ലൈസൻസ് നൽകുന്നത് വനം വകുപ്പ് നിർത്തി വെച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് റബർ മരങ്ങളുടെ വിപണനത്തിന് വനം വകുപ്പ് ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ റബർ തടിയധിഷ്ഠിത പാക്കിങ് കേസ്, ബ്ലോക്ക് ബോർഡ്, ടീ ചെസ്റ്റ്, ഫർണ്ണിച്ചർ, വിനീർ, പ്ലൈവുഡ്, പാർട്ടിക്കിൾ ബോർഡ് തുടങ്ങിയ വ്യവസായങ്ങൾക്ക് പുതുതായി ലൈസൻസ് നൽകുന്നത് താൽക്കാലികമായി നിറുത്തിവച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എന്ത് കാരണത്താലാണ് ആയത് നിർത്തി വെച്ചതെന്ന് വിശദമാക്കാമോ; | (ബി) 14.10.2014 ലെ ജി.ഒ(ആർ.ടി)നമ്പർ 469/2014/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3,17,000 ക്യൂ മീ റബർ തടികൾ മാത്രമെ മേൽ റബർ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. അനുവദനീയമായ അളവ് എത്തിയതിനാലാണ് ലൈസൻസ് നൽകുന്നത് താൽക്കാലികമായി നിറുത്തി വച്ചിരിക്കുന്നത്. |
| (സി) റബർ മരങ്ങൾ വനത്തിലെ തടി അല്ലാത്തതിനാൽ റബർ മരാധിഷ്ഠിത വ്യവസായങ്ങൾക്കും മറ്റും ലൈസൻസ് നൽകുന്നത് നിർത്തിയ നടപടി പുന:പരിശോധിച്ച് തുടർന്നും ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കേരളത്തിൽ റബർ ഉൾപ്പെടെയുള്ള തടി വിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച് പീച്ചി കേരള വന ഗവേഷണ കേന്ദ്രം പഠനം നടത്തിയിട്ടുണ്ട്. പഠനറിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ